കുടുംബശ്രീ എറണാകുളം ജില്ല

# സ്ത്രീപദവി സ്വയംപഠന പ്രക്രിയ

## സ്ത്രീകളുടെ ചലനാത്മകതയിൽ പൊതുമണ്ഡലത്തിന്റെ സ്വാധീനം

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ധാരാളം ഇടപെടലുകൾ നടത്തുന്നുണ്ട്. പാർശ്വവത്കരിക്കപ്പെടുന്ന ഒരു ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്നതാണ് ഇത്തരം ഇടപെടലുകളുടെ ഉദ്ദേശം. എന്നാൽ ഇത്തരം ഇടപെടലുകൾ സ്ത്രീകളുടെ ചലനാത്മകതയെ എങ്ങനെയാണ് നിഷ്ക്രിയമാക്കുന്നത് എന്ന് നമുക്ക് നിരീക്ഷിക്കേണ്ടതുണ്ട്.

### 1. കുടുംബം

സ്ത്രീയുടെ ചലനാത്മകത കുടുംബത്തിൽ നിന്നും ആരംഭിക്കുന്നു. വളരെ ചെറുപ്പം മുതൽക്കേ കളിപ്പാട്ടങ്ങളിലൂടെയും കളികളിലൂടെയും പരിമിതപ്പെടുത്തുന്നത് ചലന സ്വാതന്ത്ര്യം തന്നെയാണ്. ആൺകുട്ടികൾക്ക് തോക്കും വണ്ടികളും വാങ്ങുമ്പോൾ പെൺകുട്ടികൾക്ക് പാവ പോലുള്ള കളിപ്പാട്ടങ്ങളാണ് വാങ്ങുന്നത്. ആൺകുട്ടികൾ ഓടിച്ചാടി കളിക്കുമ്പോൾ പെൺകുട്ടികൾ ഒരിടത്ത് അടങ്ങിയൊതുങ്ങി ഇരുന്ന് കളിക്കണമെന്നതാണ് സാമാന്യ ചിന്ത. ഇതിലൂടെ ആൺകുട്ടികളുടെ കായിക ശേഷി വർദ്ധിക്കുന്നു. നേരേ മറിച്ച് പെൺകുട്ടികളുടെ ചലനാത്മകത കളികളിൽ പോലും പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. (ഉദാ. ആൺകുട്ടികളുടെ കളികൾ : ക്രിക്കറ്റ്, ഫുഡ്ബോൾ, ഓടിപ്പിടുത്തം, തലപ്പന്ത് കളി, കബഡി കളി തുടങ്ങിയവ പെൺകുട്ടികളുടെ കളികൾ : കല്ല് കളി, റാണീം കോലും, വളപ്പൊട്ട് കളി, അമ്മേം കുഞ്ഞും, കഞ്ഞീം കറീം മുതലായവ) ഓടാനും ചാടാനും കായികശേഷി വർദ്ധിപ്പിക്കാനും അവസരങ്ങളില്ലാതെ ചലനാത്മകത പരിമിതപ്പെടുത്തുന്നതിലൂടെ സ്ത്രീസമൂഹം സാമൂഹികമായി പിന്നോട്ടുപോകുന്നു. കാര്യമിങ്ങനെയാണെങ്കിലും സ്ത്രീയെ സമൂഹം തന്നെ ദുർബല എന്ന് വിളിച്ച് ആക്ഷേപിക്കുന്നു.

### 2. വിദ്യാഭ്യാസം

പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പഴയ കാലത്തെ അപേക്ഷിച്ച് മാതാപിതാക്കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പണ്ടൊക്കെ ഇളയകുട്ടികളെ നോക്കുന്നതിന് വേണ്ടിയും മറ്റും മൂത്തപെൺകുട്ടിയുടെ വിദ്യാഭ്യാസം പലപ്പോഴും അവഗണിക്കപ്പെടാറുണ്ട്. 19–ാം നൂറ്റാണ്ടിൽ സ്ത്രീകൾ ദൈവത്തോടടുക്കുന്നത് നല്ല കുടുംബി

നികളാകുന്നതിലൂടെയാണെന്ന വിശ്വാസം സ്ത്രീകളുടെ വിദ്യാഭ്യാസത്തെ സ്വാധീനിച്ചിട്ടുണ്ട്.എന്നിരുന്നാലും ഉന്നത വർഗ്ഗത്തിൽപ്പെട്ട സത്രീകളുടെ വിദ്യാഭ്യാസം വീടുകളിൽ ഒതുങ്ങി. സ്ത്രീവിദ്യാഭ്യാസം മതപഠനത്തിനാവശ്യമായ എഴുത്തും വായനയിലും ഒതുങ്ങി. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമാണ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സ്ത്രീകൾക്ക് ഡിഗ്രി നൽകിത്തുടങ്ങിയത്. വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന തുക വിവാഹത്തിന് ഉപകരിക്കും എന്നൊരു ചിന്തയും ഉണ്ടായിരുന്നു. വിദ്യാഭ്യാസം കൂടുതലുള്ള സ്ത്രീകൾ കുടുംബത്തെ ധിക്കരിക്കാനുള്ള സാധ്യതയുണ്ട് എന്ന ചിന്ത സ്ത്രീ വിദ്യാഭ്യാസത്തെ പിന്നോട്ടടിക്കുന്നുണ്ട്. കൂടാതെ ഉയർന്ന തൊഴിൽ ലഭിക്കുന്നതിലൂടെ സാമ്പത്തികം കൈവരിക്കുന്ന സ്ത്രീ കുടുംബത്തിലെ അധികാരത്തെ ചോദ്യം ചെയ്തേക്കുമെന്ന് സമൂഹം ഭയപ്പെടുന്നുണ്ട്. ഒരു തൊഴിലിനപ്പുറം ഉപരിപഠനത്തിനോ ഗവേഷണത്തിനോ തന്റെ കഴിവ് വളർത്തിയെടുക്കാൻ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടിവരുന്നത് മൂലം സ്ത്രീയ്ക്ക് കഴിയാതെ പോകുന്നുണ്ട്.ഇന്ന് സ്ത്രീവിദ്യാഭ്യാസത്തിന് മുൻതൂക്കം ലഭിക്കുന്നുണ്ടെങ്കിലും ഉപരിപഠനം നടത്തുന്ന സ്ത്രീകൾ വിവാഹ ശേഷം ജോലിക്ക് പോകുന്നില്ല എന്നതാണ് വാസ്തവം.

**3. തൊഴിൽ**

കുടുംബത്തിന്റെ മുഖ്യവരുമാന സ്രോതസ്സായി സ്ത്രീയെ കാണാത്തൊരു സമൂഹമാണ് നമ്മുടേത്. അതുകൊണ്ടു തന്നെ കുടുംബത്തെ ചുറ്റിപ്പറ്റിയുള്ള കാണാപ്പണികളാണ് സ്ത്രീകളുടേത്. തൊഴിൽ ഉണ്ടെങ്കിൽ തന്നെ കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിയ ശേഷം മാത്രം ചെയ്യാനുള്ള ഒരു അധിക വരുമാനമേ സ്ത്രീയിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളൂ. ഇത് തൊഴിലിലേയ്ക്ക് ഇറങ്ങുന്നതിനും തൊഴിലിൽ നിന്ന് തുല്യവേതനം ലഭിക്കുന്നതിനും പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. പുരുഷൻ ജോലി കഴിഞ്ഞ് വിശ്രമിക്കുമ്പോൾ സ്ത്രീകൾക്ക് വീട്ടിലെത്തി വീട്ടുജോലികൾ ചെയ്യേണ്ടി വരുന്നു. തന്മൂലം അവളുടെ വിശ്രമ വേളകൾ നഷ്ടപ്പെടുന്നു. ജോലിക്കായി ദൂരെ പോകുന്ന സ്ത്രീകൾ 6 മണിക്ക് മുമ്പ് വീട്ടിൽ എത്തേണ്ടിയിരിക്കുന്നു. വൈകി വരുന്ന സ്ത്രീകൾ അപവാദം കേൾക്കേണ്ടിയും വന്നേക്കാം.

**3. തൊഴിലുറപ്പ്**

തുല്യ ജോലിക്ക് തുല്യ വേതനം എന്ന ആശയം സമൂഹത്തിന് സംഭാവന ചെയ്ത തൊഴിലുറപ്പ് പദ്ധതിയിലൂടെ ധാരാളം സ്ത്രീകൾ തൊഴിലെടുക്കുവാൻ തയ്യാറായി. പക്ഷേ തുല്യ ജോലിക്ക് തുല്യ വേതനം എന്ന ആശയം സമൂഹത്തിലേക്ക് നൽകുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, സ്ത്രീകളുടെ ചലനാത്മകതയ്ക്ക് ചില ലക്ഷ്മണ

രേഖ വരയ്ക്കുകയും ചെയ്തു. (വാർഡിനകത്തുള്ള കനാലുകളും റോഡുകളും പറമ്പുകളും) നിയന്ത്രിതമാണെങ്കിൽ പോലും ചലനാത്മകതയെ സ്വാധീനിച്ചു എന്നതിൽ തർക്കമില്ല. തൊഴിലുറപ്പിലൂടെ സ്ത്രീകളുടെ നേതൃത്വശേഷിയും കായികവും മാനസികവും ആയ കഴിവുകൾ വികസിച്ചെങ്കിലും സ്ത്രീകളുടെ മനുഷ്യവിഭവശേഷിയെ 212 രൂപയ്ക്ക് ചൂഷണം ചെയ്യുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. നാട്ടിൻ പുറങ്ങളിൽ കുറഞ്ഞത് 350 രൂപ മുതലാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. എന്നാൽ തൊഴിലുറപ്പിൽ 212 ൽ താഴെയാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധിക്കുക.

4. **ആചാരങ്ങൾ**

മതപരവും സാമൂഹികവുമായ ആചാരങ്ങൾ പൊതുമണ്ഡലത്തിൽ സ്ത്രീയുടെ ചലനാത്മകതയെ സ്വാധീനിക്കുന്ന ഘടകമാണ്. ആർത്തവം, ഗർഭം, വൈധവ്യം തുടങ്ങിയഅവസ്ഥകളിൽ മതപരമായ ആചാരങ്ങളിലും മംഗളകാര്യങ്ങളിലും മറ്റും പങ്കെടുക്കുന്നത് സ്ത്രീകൾക്ക് അപ്രാപ്യമാണ്. സ്ത്രീകൾക്ക് പൊതുവെ ചലനാത്മകത അനുവദിച്ചിരിക്കുന്ന ആരാധനാലയങ്ങളിൽപോലും ഗർഭിണിയായിരിക്കുമ്പോൾ പോകുന്നതിനും വിലക്കുണ്ട്. ശിരോവസ്ത്രം, തിലകം, താലി, പർദ്ദ എന്നിങ്ങനെ അനേകം മതചിഹ്നങ്ങൾ സ്ത്രീയെ പൊതു സമൂഹത്തിൽ വേർതിരിച്ചു നിർത്തുന്നു. ഭർതൃ സൗഭാഗ്യം, സന്താനഭാഗ്യം, ദീർഘമാംഗല്യം തുടങ്ങിയ കാര്യങ്ങൾക്കും മറ്റും നേർച്ച കാഴ്ച വഴിപാടുകൾ നടത്തുന്നത് സ്ത്രീകളാണ്. എന്നാൽ മരണാനന്തര ചടങ്ങുകളിൽ സ്ത്രീകൾക്ക് ഈ സ്വാതന്ത്ര്യം ഇല്ല. ഏത് മതഘടനയുടെയും അധികാര കേന്ദ്രത്തിലുള്ളത് പുരുഷനാണ്. സ്ത്രീയുടെ സാമൂഹിക പദവി അവൾക്ക് പുരുഷനുമായുള്ള ബന്ധമാണ്. അവളുടെ ശാരീരിക അവസ്ഥകളെ പോലും വരുതിയിലാക്കാൻ മതങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബത്തിൽ സ്ത്രീയുടെ അടിമത്തം ഉറപ്പിച്ചത് മതത്തിന്റെ താത്പര്യങ്ങളായിരുന്നു.പർദ്ദകളുടെയും മറക്കുടകളുടെയും ലോകത്ത് സ്ത്രീക്ക് നഷ്ടപ്പെട്ടത് സ്വന്തം വ്യക്തിത്വമാണ്.

5. **യാത്രകൾ**

പൊതു ഇടങ്ങളിലേക്ക് ഇറങ്ങുന്നതിന് സ്ത്രീകൾക്ക് എപ്പോഴും മതിയായ കാരണം കാണിക്കേണ്ടി വരുന്നുണ്ട്. സ്ത്രീകളുടെ യാത്രകൾ പലപ്പോഴും ആരാധന, കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങൾ, കുടുംബത്തിന്റെ പൊതു ആവശ്യങ്ങൾ എന്നിവയിലേക്ക് പരിമിതപ്പെടുത്തുന്നുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായുള്ളവർ മോശക്കാരികളാണ് എന്നും സ്ത്രീകൾ വീട്ടിൽ അടങ്ങിയൊതുങ്ങി ഇരിക്കേണ്ടവരാണ് എന്നുമുള്ളതാണ് വീടിനുപുറത്തുള്ള ചലനാത്മകതയുടെ കാഴ്ചപ്പാട്. കൂടാതെ യാത്രാ വേളകളിൽ കമന്റടി, പൂവാലശല്യം, ദ്വയാർത്ഥ പ്രയോഗങ്ങൾ, നഗ്നതാപ്രദർശനം, തോണ്ടൽ, മദ്യപാനികളുടെ ഇടപെടലുകൾ തുടങ്ങിയവ സ്ത്രീകൾ സഹി

ക്കേണ്ടതായും വരുന്നു. പ്രതികരിക്കുന്ന സ്ത്രീകൾ മോശക്കാരികളാണെന്നാണല്ലോ നമ്മുടെ അംഗീകൃത നിലപാട്.

**6. ഗ്രാമസഭകൾ**

അധികാരം ജനങ്ങളിലേക്ക് എന്നതാണല്ലോ ഗ്രാമസഭയുടെ ആശയം. ഗ്രാമസഭകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കൂടിയിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യവുമുണ്ട്. എന്നിരുന്നാലും തീരുമാനമെടുക്കൽ പ്രക്രിയയിൽ എത്രത്തോളം സ്വാധീനം ഉണ്ട് എന്നത് ചിന്തിക്കേണ്ടതാണ്. കൂടാതെ വനിതാഘടക പദ്ധതി പൂർണ്ണമായി വിനിയോഗിക്കുന്നതിലും പുതിയ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും എത്രത്തോളം ഇടപെടൽ നടത്താൻ കഴിഞ്ഞു എന്നതും ചിന്തിക്കേണ്ടതാണ്.

**7. തദ്ദേശസ്വയംഭരണ സംവരണം**

സ്ത്രീകൾക്ക് 50 ശതമാനം സംവരണം വന്നപ്പോൾ പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ കണ്ടെത്തുവാൻ വിവിധ രാഷ്ട്രീയ സംഘടനകൾ നന്നേ പാടുപെട്ടു. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ മുൻനിരയിലേക്കു വന്നവർക്ക് ധാരാളം അവസരങ്ങൾ കിട്ടി. എന്നിരുന്നാലും അധികാര സ്ഥാനങ്ങളിൽ എത്തിയവർക്ക് സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ എത്രത്തോളം കഴിയുന്നു എന്നത് സ്ത്രീയുടെ ചലനാത്മകതയുടെ നേർകാഴ്ചകളാണ്. സ്ത്രീയുടെ അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും സമൂഹം വിലകല്പ്പിക്കുന്നില്ല. രാഷ്ട്രീയ പാർട്ടിയുടെ നോമിനിയായ വാർഡ് മെമ്പർക്ക് പാർട്ടിയുടെ തീരുമാനത്തിനപ്പുറം സ്വന്തമായി തീരുമാനമെടുക്കാൻ പലപ്പോഴും കഴിയാറില്ല.

**8.പൊതുമണ്ഡലത്തിന്റെ സ്വാധീനം**

സ്ത്രീ സൗഹൃദമായ ഒരു അന്തരീക്ഷം പൊതു സമൂഹത്തിൽ ഇല്ലാത്തത് ചലനാത്മകതയെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ്. വൃത്തിയുള്ള പൊതു നിരത്തുകൾ, ശൗച്യാലയങ്ങൾ, സുരക്ഷിതമായ യാത്രാസൗകര്യങ്ങൾ, വഴിവിളക്കുകൾ, സുരക്ഷാ സംവിധാനങ്ങൾ, വിശ്രമകേന്ദ്രങ്ങൾ മുതലായവ ചലനാത്മകതയെ സ്വാധീനിക്കുന്നുണ്ട്.

**ചർച്ചയ്ക്കുള്ള സൂചകങ്ങൾ, പ്രവർത്തനങ്ങൾ :**

1. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുക. ഷട്ടിൽ ബാറ്റ്മിന്റൺ, സൈക്ലിംഗ്, നീന്തൽ, ക്രിക്കറ്റ്, ഫുട്ബാൾ, വോളിബോൾ, കബഡി തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും വാർഡ് തലത്തിൽ സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.
2. അയൽക്കൂട്ടാംഗങ്ങളുടെയും അവരുടെ മക്കളുടെയും വിദ്യാഭ്യാസ യോഗ്യതയും അതിലൂടെ കിട്ടിയ അവസരങ്ങളും നഷ്ടമായ അവസരങ്ങളും അതിൽ നിന്നും ഉണ്ടായ സമൂഹികമായ സ്വാധ്വവും വിശകലനം ചെയ്യുന്നതിനുള്ള രീതിശാസ്ത്രം അവലംബിച്ചുള്ള ചർച്ച നടത്തുക.
3. കുടുംബത്തിന്റെ വരവ് ചെലവ് കണക്കുകളെക്കുറിച്ചും അതിൽ സ്ത്രീയുടെയും പുരുഷന്റെയും സംഭാവനയെക്കുറിച്ചുമുള്ള ഒരു ചാർട്ട് തയ്യാറാക്കുകയും അതിലൂടെ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തത്തിന്റെ അവശ്യകതയെ ബോധ്യപ്പെടുത്തുകയും ചെയ്യുക.
4. കുടുംബത്തിലെ ജോലികളും അതിൽ സ്ത്രീയുടെയും പുരുഷന്റെയും പങ്കാളിത്തവും ഓരോരുത്തരും ചെലവഴിക്കുന്ന സമയവും ചർച്ച ചെയ്യുക. ഇത് അവരുടെ സാമൂഹിക ഇടപെടലുകൾക്കുള്ള സമയത്തെ എങ്ങനെ ബാധിക്കുന്നു എന്നും ചർച്ച ചെയ്യുക.
5. ആചാരങ്ങളുടെ പേരിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന, അനുഭവിക്കുന്ന വിവേചനങ്ങൾ പട്ടികപ്പെടുത്തുക. പുരുഷന്മാരുടെ കാര്യത്തിൽ ആചാരാനുഷ്ഠാനങ്ങളുടെ പ്രത്യേകത പട്ടികപ്പെടുത്തുക. ഇത് അനീതിയാണെങ്കിൽ അടുത്ത തലമുറയെ ഈ അനീതികളിൽ നിന്നും എങ്ങനെ മോചിതരാക്കാം എന്നത് ചർച്ച ചെയ്യുക.
6. സ്ത്രീകൾക്കെതിരെയുള്ള പ്രശ്നങ്ങളിൽ ഒറ്റക്കെട്ടായി പ്രതികരിക്കേണ്ടുന്നതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുക.
7. സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും പരിഹരിക്കുന്നതിനുമായി നിലകൊള്ളുന്ന സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുകയും അവരവരാൽ ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നതിനും ശ്രദ്ധിക്കുക.
8. ഗ്രാമസഭകളിലെയും മറ്റും തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുക.

9. സ്ത്രീസൗഹൃദമായ പൊതു ഇടങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അവ പരിപാലിക്കുന്നതിനും (വഴിവിളക്കുകൾ, ശൗച്യാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ മുതലായവ ) പ്രത്യേക ഇടപെടലുകൾ നടത്തുക.
10. വാഹനങ്ങൾ ഉപയോഗിക്കുന്നതിലും മറ്റുമുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ സൃഷ്ടിക്കുകയും അവ പ്രയോജനപ്പെടുത്തുകയും ചെയ്യുക.